# ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി

## 48-ാമത് അക്കാദമിക് കൗൺസിൽ യോഗത്തിന്റെ നടപടിച്ചുരുക്കം

**തീയതി : 16.11.2018** **രാവിലെ 11 മണി**

**പങ്കെടുത്തവർ**

1. ഡോ. ധർമ്മരാജൻ പി.കെ., ബഹു. വൈസ് ചാൻസലർ - ഒപ്പ്
2. ഡോ.കെ.എസ്.രവികുമാർ, പ്രോ വൈസ് ചാൻസലർ - ഒപ്പ്
3. ഡോ.ടി.പി. രവീന്ദ്രൻ, രജിസ്ട്രാർ - ഒപ്പ്
4. പ്രൊഫ.കെ.കെ.വിശ്വനാഥൻ, സിൻഡിക്കേറ്റ് അംഗം - ഒപ്പ്
5. ഡോ.വി.ജി.ഗോപാലകൃഷ്ണൻ, സിൻഡിക്കേറ്റ് അംഗം - ഒപ്പ്
6. ഡോ.ടി.മിനി, സിൻഡിക്കേറ്റ് അംഗം - ഒപ്പ്
7. ഡോ.എം.മണിമോഹനൻ, സിൻഡിക്കേറ്റ് അംഗം, & ഡീൻ, സാൻസ്ക്രിറ്റ് ഗ്രാമർ - ഒപ്പ്
8. ഡോ.സാജു ടി.എസ്., തെരഞ്ഞെടുക്കപ്പെട്ട അംഗം & വകുപ്പദ്ധ്യക്ഷൻ, ജ്യോഗ്രഫി - ഒപ്പ്
9. ഡോ.എച്ച്.ഷൈലജ, വകുപ്പദ്ധ്യക്ഷ, സൈക്കോളജി - ഒപ്പ്
10. ഡോ.വി.ആർ.മുരളീധരൻ, വകുപ്പദ്ധ്യക്ഷൻ, സംസ്കൃതം സാഹിത്യം - ഒപ്പ്
11. ഡോ.കെ.എ.രവീന്ദ്രൻ, കോ-ഓർഡിനേറ്റർ, സെന്റർ ഫോർ സാൻസ്ക്രിറ്റ് വേദിക് സ്റ്റഡീസ് - ഒപ്പ്
12. ഡോ.എസ്.രാമചന്ദ്രൻ നായർ, സിൻഡിക്കേറ്റ് അംഗം - ഒപ്പ്
13. ഡോ.ജേക്കബ് തോമസ് പുതുപ്പള്ളി, വകുപ്പദ്ധ്യക്ഷൻ, ആയുർവേദം - ഒപ്പ്
14. ഡോ.കെ.എം.സംഗമേശൻ, തെരഞ്ഞെടുക്കപ്പെട്ട അംഗം - ഒപ്പ്
15. ഡോ.എം.കുഞ്ഞുമൊയ്തീൻ കുട്ടി, കോഴ്സ് കോ-ഓർഡിനേറ്റർ, അറബിക് - ഒപ്പ്
16. ഡോ.പി.കെ.വിജയൻ, ഡീൻ, സയൻസ്, ടെക്നോളജി & എഡ്യുക്കേഷൻ- ഒപ്പ്
17. ഡോ.ദിലീപ് കെ.ജി., വകുപ്പദ്ധ്യക്ഷൻ, സോഷ്യോളജി - ഒപ്പ്
18. ഡോ.മഞ്ജു ഗോപാൽ, വകുപ്പദ്ധ്യക്ഷ, മ്യൂസിക് - ഒപ്പ്
19. ശ്രീമതി രേണുക കെ.സി., തെരഞ്ഞെടുക്കപ്പെട്ട അംഗം - ഒപ്പ്
20. ഡോ.എൻ.ജന്നി റപ്പായി, വകുപ്പദ്ധ്യക്ഷ, ഇംഗ്ലീഷ് - ഒപ്പ്
21. ഡോ.കെ.വി.അജിത് കുമാർ, കോ-ഓർഡിനേറ്റർ, സെന്റർ ഫോർ കംപാരറ്റീവ് ലിറ്ററേച്ചർ - ഒപ്പ്
22. ഡോ.എൻ വിജയമോഹനൻ പിള്ള, കോ-ഓർഡിനേറ്റർ, സെന്റർ ഫോർ മാനുസ്ക്രിപ്റ്റോളജി - ഒപ്പ്
23. ഡോ.യമുന കെ., തെരഞ്ഞെടുക്കപ്പെട്ട അംഗം - ഒപ്പ്
24. ഡോ.വത്സലൻ വി.എ., വകുപ്പദ്ധ്യക്ഷൻ, മലയാളം - ഒപ്പ്
25. ഡോ.എം.എസ്.മുരളീധരൻ പിള്ള, ഡീൻ, ഇന്ത്യൻ മെറ്റാഫിസിക്സ് - ഒപ്പ്
26. ഡോ.നെസി ഡാനിയേൽ, സിൻഡിക്കേറ്റ് അംഗം - ഒപ്പ്
27. ഡോ.കെ.ജി.രാമദാസൻ, സിൻഡിക്കേറ്റ് അംഗം - ഒപ്പ്
28. പ്രൊഫ.തോമസ് കെ. ജോബ്, സിൻഡിക്കേറ്റ് അംഗം - ഒപ്പ്
29. ഡോ.സജിത കെ.ആർ, സിൻഡിക്കേറ്റ് അംഗം - ഒപ്പ്
30. ഡോ.കെ.സി.അതൗള്ള ഖാൻ, വകുപ്പദ്ധ്യക്ഷൻ, ഉറുദു - ഒപ്പ്
31. ശ്രീ ലൂക്കോസ് ജോർജ്, വകുപ്പദ്ധ്യക്ഷൻ, ഫിസിക്കൽ എഡ്യുക്കേഷൻ - ഒപ്പ്

32. ഡോ. പസ്‌ലിത്തിൽ എ., വകുപ്പദ്ധ്യക്ഷൻ, ഹിസ്റ്ററി - ഒപ്പ്
33. ശ്രീ സി.എം.മനോജ് കുമാർ, തെരഞ്ഞെടുക്കപ്പെട്ട അംഗം - ഒപ്പ്
34. ഡോ.ബിജു വിൻസന്റ്, തെരഞ്ഞെടുക്കപ്പെട്ട അംഗം - ഒപ്പ്
35. ഡോ.കെ.മുത്തുലക്ഷ്മി, തെരഞ്ഞെടുക്കപ്പെട്ട അംഗം - ഒപ്പ്
36. ഡോ.എച്ച്.പൂർണ്ണിമ, വകുപ്പദ്ധ്യക്ഷ, സംസ്കൃതം ജനറൽ (ഇൻ ചാർജ് ഓഫ് വാസ്തുവിദ്യ) - ഒപ്പ്
37. ഡോ.ശാന്തി നായർ, വകുപ്പദ്ധ്യക്ഷ, ഹിന്ദി - ഒപ്പ്
38. ഡോ.ഷംഷാദ് ഹുസൈൻ കെ.ടി.,തെരഞ്ഞെടുക്കപ്പെട്ട അംഗം - ഒപ്പ്
39. ഡോ.രേഷ്മ ഭരദ്വാജ്, വകുപ്പദ്ധ്യക്ഷ, സോഷ്യൽ വർക്ക് - ഒപ്പ്
40. ഡോ.ശതകോപതതാചാര്യ, ഡീൻ, ഇന്ത്യൻ ലോജിക് - ഒപ്പ്
41. **ഡോ**.വേണുഗോപാലൻ നായർ സി., ടീച്ചർ ഇൻ ചാർജ് ഭരതനാട്യം - ഒപ്പ്
42. ഡോ.ടി.ജി.ജ്യോതിലാൽ, വകുപ്പദ്ധ്യക്ഷൻ, പെയിന്റിംഗ് - ഒപ്പ്
43. ഡോ.അബൂ കെ.എം., വകുപ്പദ്ധ്യക്ഷൻ, ഡാൻസ് - ഒപ്പ്
44. ശ്രീ മധു എ.കെ., വകുപ്പദ്ധ്യക്ഷൻ, തീയേറ്റർ - ഒപ്പ്
45. അൻജുന കെ.എം., യൂണിവേഴ്സിറ്റി ചെയർപേഴ്സൺ - ഒപ്പ്
46. സാവിത്രി കെ.കെ., വിദ്യാർത്ഥി പ്രതിനിധി - ഒപ്പ്
47. അളക ജെ., വിദ്യാർത്ഥി പ്രതിനിധി - ഒപ്പ്
48. ഡോ.കെ.കെ.അംബികാ ദേവി, വകുപ്പദ്ധ്യക്ഷ, സംസ്കൃതം ന്യായം - ഒപ്പ്
49. ഡോ.കെ.വിഷ്ണു നമ്പൂതിരി, വകുപ്പദ്ധ്യക്ഷൻ, സംസ്കൃതം വ്യാകരണം - ഒപ്പ്
50. ഡോ.ടി.ജി.ശ്രീകുമാർ, ഡീൻ, അദർ സാൻസ്ക്രിറ്റ് സ്റ്റഡീസ് - ഒപ്പ്
51. ഡോ.എബി കോശി, വകുപ്പദ്ധ്യക്ഷൻ, ഫിലോസഫി - ഒപ്പ്

## I. അഭിസംബോധന (Introduction by the Chair)

**16.11.2018 ലെ 48 –ാമത് അക്കാദമിക് കൗൺസിൽ യോഗത്തിലേക്കുള്ള വൈസ് ചാൻസലറുടെ റിപ്പോർട്ട്**

ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയുടെ 48–ാമത്തേ അക്കാദമിക് കൗൺസിൽ യോഗത്തിലേക്ക് പുതുതായി ഇന്ത്യൻ ലാംഗ്വേജസ് ഫാക്കൽറ്റി ഡീനായി നോമിനേറ്റ് ചെയ്യപ്പെട്ട ഡോ. സുനിൽ പി ഇളയിടമടക്കമുള്ള എല്ലാ അംഗങ്ങളെയും ഹാർദ്ദമായി സ്വാഗതം ചെയ്യുന്നു.

ലോക പ്രശസ്ത ഭൗതിക ശാസ്ത്രജ്ഞനായിരുന്ന ഡോ. ഇ.സി.ജി സുദർശൻ, പ്രശസ്ത അഭിനേതാവായിരുന്ന ശ്രീ. കലാശാലാ ബാബു, പ്രശസ്ത പത്രപ്രവർത്തക ശ്രീമതി ലീല മേനോൻ, പ്രമുഖ ഭാഷാ പണ്ഡിതനായിരുന്ന പ്രൊഫസർ പന്മന രാമചന്ദ്രൻ നായർ, എന്നിവരുടെ നിര്യാണത്തിലും, നിപാ വൈറസ് ബാധയേറ്റവരുടെ നിര്യാണത്തിലും, നിപാ ബാധിതരെ ശുശ്രൂഷിക്കുന്നതിനിടെ രോഗം ബാധിച്ച ലിനി പുതുശ്ശേരി, മഹാരാജാസ് കോളേജിലെ എസ്.എഫ്.ഐ നേതാവ് എം. അഭിമന്യു വിന്റെ ദാരുണമായ അന്ത്യത്തിലും, എം.എ മോഹിനിയാട്ടം വിദ്യാർത്ഥിനിയായ ശ്രീമതി മഞ്ജുഷ മോഹൻദാസിന്റെ അകാല നിര്യാണത്തിലും, മുതിർന്ന കോൺഗ്രസ് നേതാവും മുൻ രാജ്യസഭാ ഉപാദ്ധ്യക്ഷനും മുൻ മേഘാലയ ഗവർണ്ണറും മുൻ കേന്ദ്ര മന്ത്രിയുമായിരുന്ന ശ്രീ. എം.എം.ജേക്കബ് മലയാളത്തിന്റെ പ്രിയ ഗസൽ ഗായകൻ ശ്രീ. ഉമ്പായി, മുൻ മന്ത്രി ശ്രീ. ചെർക്കളം അബ്ദുള്ള, തമിഴ്നാട് മുൻ മുഖ്യമന്ത്രി ശ്രീ. കരുണാനിധി, ഇന്ത്യൻ വംശജനും വിശ്വവിഖ്യാത എഴുത്തുകാരനും നോബൽ ജേതാവുമായിരുന്ന ശ്രീ. വി.എസ്. നെയ്പോൾ, മുൻ പ്രധാനമന്ത്രി ശ്രീ. അടൽ ബിഹാരി വാജ്പായ്, മികച്ച പാർലമെന്റേറിയനും ലോകസഭാ മുൻ സ്പീക്കറുമായിരുന്ന ശ്രീ. സോമനാഥ് ചാറ്റർജി, പ്രശസ്ത കവി ശ്രീ. ചെമ്മനം ചാക്കൊ, രാജ്യത്തെ പ്രഥമ വനിതാ ഐഎഎസ്

ഉദ്യോഗസ്ഥയും മലയാളിയുമായ ശ്രീമതി അന്നാ മൽഹോത്ര, പ്രശസ്ത സിനിമാനടൻ ക്യാപ്റ്റൻ രാജു, പ്രശസ്ത വയലിനിസ്റ്റ് ബാലഭാസ്കർ, സിനിമാ നിർമ്മാതാവും, സംവിധായകനുമായ തമ്പി കണ്ണന്താനം, പ്രശസ്ത കവി എം.എൻ പാലൂർ, പ്രമുഖ ചരിത്രകാരനും, കോഴിക്കോട് സർവകലാശാല മുൻ വൈസ് ചാൻസലറുമായിരുന്ന ഡോ. ടി കെ. രവീന്ദ്രൻ, തുറവൂർ പ്രാദേശിക കേന്ദ്രത്തിൽ സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് സ്പെഷ്യൽ ഓഫീസറായി കെൽട്രോണിൽ നിന്നും അന്യത്രസേവനത്തിൽ നിയമിതനായിരുന്ന ശ്രീ. എം.വി സണ്ണി എന്നിവരുടെ നിര്യാണത്തിലും, കേന്ദ്ര പാർല്യമെന്ററി കാര്യ, വളം-രാസവസ്തു മന്ത്രി ശ്രീ. എച്ച്.എൻ.അനന്ത് കുമാർ, കാശ്മീരിൽ നിയന്ത്രണ രേഖക്ക് സമീപം പാക്കിസ്ഥാൻ സൈന്യം നടത്തിയ വെടിവയ്പിൽ വീരമൃത്യുവരിച്ച ലാൻസ് നായിക് കെ.എം. ആന്റണി സെബാസ്റ്റ്യൻ, പ്രളയക്കെടുതിയിലും ഉരുൾപ്പൊട്ടലിലും മരണപ്പെട്ടവരുടെ വിയോഗത്തിലും മറ്റ് കലാ, രാഷ്ട്രീയ, സാമൂഹിക രംഗത്ത് കർമ്മ നിരതരായിരുന്ന സാംസ്കാരിക പ്രവർത്തകർ എന്നിവരുടെ നിര്യാണത്തിലും ഈ യോഗം അനുശോചനം രേഖപ്പെടുത്തുന്നു.

26.05.2018 നു ചേർന്ന 47-ാമത് അക്കാദമിക് കൗൺസിൽ യോഗത്തിനു ശേഷം ഈ സർവകലാശാലയിലു ായിട്ടുളള പ്രധാനപ്പെട്ട സംഭവങ്ങൾ അംഗങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

1. ജൂൺ 5 ന് ഹരിത കേരളം പദ്ധതിയുടെ ഭാഗമായി നടത്തിയ പരിസ്ഥിതി ദിനാഘോഷം ഉദ്ഘാടനം ചെയ്ത വേളയിൽ സംസ്കൃത സർവകലാശാലയെ ഗ്രീൻ പ്രോട്ടോകോൾ സ്ഥാപനമായി വൈസ് ചാൻസലർ പ്രഖ്യാപിച്ചു.
2. സംസ്കൃത സർവകലാശാലയിലെ അദ്ധ്യാപകരുടെ വിരമിക്കൽ തീയതി അക്കാദമിക് വർഷത്തിനുള്ളിൽ വരികയാണെങ്കിൽ വർഷാവസാനം വരെ സർവ്വീസിൽ തുടരാൻ അനുമതി നൽകുന്ന നിയമ ഭേദഗതി ബിൽ നിയമസഭ പാസ്സാക്കി. മുമ്പ് ഓർഡിനൻസ് വഴി ബില്ലിലെ വ്യവസ്ഥകൾ പ്രാബല്യത്തിലാക്കിയിരുന്നു.
3. സർവകലാശാലയിലെ നാഷണൽ സർവ്വീസ് സ്കീം നടപ്പാക്കുന്ന സഹപാഠിക്കൊരു വീട് പദ്ധതിക്ക് തുടക്കം കുറിച്ചു.
4. ജൂൺ 21 ന് സർവകലാശാല മുഖ്യ കേന്ദ്രത്തിൽ കായിക വിദ്യാഭ്യാസ വിഭാഗത്തിന്റെ നേതൃത്വത്തിൽ യോഗാ ദിനാചരണം നടത്തി.
5. സർവകലാശാല എംപ്ളോയ്മെന്റ് ഇൻഫർമേഷൻ ആൻഡ് ഗൈഡൻസ് ബ്യൂറൊ സംഘടിപ്പിക്കുന്ന സൗജന്യ പി.എസ്.സി മൽസര പരീക്ഷ പരിശീലന ക്ളാസ്സ് ജൂൺ 23 ന് ആരംഭിച്ചു.
6. സർവകലാശാലയിലെ നാഷണൽ സർവ്വീസ് സ്കീമിന്റെ നേതൃത്വത്തിൽ നടത്തിയ ആരോഗ്യ ബോധവൽക്കരണ ക്ളാസ്സ് കാലടി സാമൂഹികാരോഗ്യ കേന്ദ്രം മെഡിക്കൽ ഓഫീസർ ഡോ. വി.വി പുഷ്പ ഉദ്ഘാടനം ചെയ്തു.
7. ജൂൺ 26 ന് സർവകലാശാല കരിയർ ഗൈഡൻസ് ആൻഡ് കൗൺസിലിംഗ് സെല്ലിന്റെ ആഭിമുഖ്യത്തിൽ ബിരുദാനന്തര വിദ്യാർത്ഥികൾക്കായി സംഘടിപ്പിച്ച ഏക ദിന ഓറിയന്റേഷൻ പരിപാടി വൈസ് ചാൻസലർ ഉദ്ഘാടനം ചെയ്തു.
8. കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിലെ ചിത്രകലാ ജോലികൾ ചെയ്യുന്നതിന് കരാറിൽ ഏർപ്പെട്ടിട്ടുള്ള കൊച്ചിയിലെ സ്ക്വയർ അസ്സോസ്സിയേറ്റ്സിന്റെ അഭ്യർത്ഥന അനുസരിച്ച് ഫൈൻ ആർട്സ് കൺസോർഷ്യത്തിന്റെ മേൽനോട്ടത്തിൽ അവരുമായി കരാർ വ്യവസ്ഥകൾ തയ്യാറാക്കി അംഗീകരിച്ച് ചിത്രകലാ ജോലികൾ നിർവഹിക്കുന്നതിന് പെയിന്റിംഗ് വകുപ്പ് മേധാവിയും അസിസ്റ്റന്റ് പ്രൊഫസറുമായ ശ്രീ. സാജു.ടി.എസ് നെ ചുമതലപ്പെടുത്തി.
9. സർവകലാശാല മുഖ്യ കേന്ദ്രത്തിൽ ലൈബ്രറി വിഭാഗത്തിന്റെ നേതൃത്വത്തിൽ വായനാദിനാചരണം ജൂലൈ 4 ാം തീയതി സംഘടിപ്പിച്ചു.
10. കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ മുഖേനയും നേരിട്ടും അന്തർ സർവകലാശാല സ്ഥലം മാറ്റ വ്യവസ്ഥ പ്രകാരവും എംപ്ളോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരവും പുതുതായി സംസ്കൃത സർവകലാശാല സേവനത്തിൽ പ്രവേശിച്ച അസിസ്റ്റന്റുമാർക്ക് ജൂലൈ 7-ാം തീയതി സ്റ്റാറ്റ്യൂട്ടറി ഓഫീസർമാരുടെയും ജോയിന്റ് രജിസ്ട്രാർമാരുടേയും നേതൃത്വത്തിൽ ഒരു ഓറിയന്റേഷൻ കം മോട്ടിവേഷൻ ക്ളാസ്സ് സംഘടിപ്പിച്ചു.
11. കാനഡയിലെ വാൻകൂവറിൽ വച്ച് 2018 ജൂലൈ 9 മുതൽ 13-ാം തീയതിവരെ നടന്ന ലോക സംസ്കൃത സമ്മേളനത്തിൽ വൈസ് ചാൻസലർ പങ്കെടുത്തു പ്രബന്ധം

അവതരിപ്പിച്ചു. ഈ സമ്മേളനത്തിൽ സിൻഡിക്കേറ്റംഗമായ പ്രൊഫസർ പി.സി. മുരളീമാധവനും പങ്കെടുക്കുകയും പ്രബന്ധം അവതരിപ്പിക്കുകയും ചെയ്തു.

12. ബാംഗ്ളൂരിലെ നാക് ഓഫീസിൽ വച്ച് ജൂലൈ 19 ന് നടത്തിയ സംസ്കൃത വൈസ് ചാൻസലർമാർക്കുള്ള നാക് അക്രഡിറ്റേഷൻ ആൻഡ് അസ്സസ്മെന്റ് വർക്ഷോപ്പിൽ വൈസ് ചാൻസലർ പങ്കെടുത്തു.
13. ബഹു: കേരള മുഖ്യമന്ത്രി വിളിച്ചുചേർത്ത സിൻഡിക്കേറ്റ് അംഗങ്ങളുടെ യോഗത്തിൽ സംസ്കൃത സർവകലാശാലയിലെ സിൻഡിക്കേറ്റ് അംഗങ്ങൾ പങ്കെടുക്കുകയും ഡോ.കെ.ജി.രാമദാസൻ ചർച്ചയിൽ പങ്കെടുത്ത് സംസാരിക്കുകയും ചെയ്തു.
14. സർവകലാശാല ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെൽ ഗസ്റ്റ് അധ്യാപകർക്കായി അക്കാദമിക പ്രവർത്തനങ്ങളെക്കുറിച്ചുള്ള ഏകദിന ശിൽപശാല ജൂലൈ 21 ന് നടത്തി.
15. ജൂലൈ 23 ന് കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിൽ വച്ച് ബഹു. ഗവർണർ ജസ്റ്റിസ് പി സദാശിവം അദ്ധ്യക്ഷനായി നടന്ന കേരളത്തിലെ എല്ലാ സർവകലാശാലകളുടേയും വൈസ് ചാൻസലർമാരുടെ കോൺഫറൻസിൽ വൈസ് ചാൻസലർ പങ്കെടുത്തു.
16. സർവകലാശാല മുഖ്യകേന്ദ്രത്തിൽ സംസ്ഥാന സർക്കാർ പദ്ധതിയായ 'പഠിക്കാം പ്ളാവിലൂടെ ജീവിതവും' ബഹു. എം.എൽ.എ ശ്രീ. റോജി.എം.ജോൺ പ്ളാവിൻതൈ നട്ടു ഉദ്ഘാടനം ചെയ്തു. വൈസ് ചാൻസലർ അധ്യക്ഷത വഹിച്ചു.
17. സർവകലാശാല മുഖ്യ കേന്ദ്രത്തിൽ എൻ.എസ്.എസ്. യൂണിറ്റിന്റെ നേതൃത്വത്തിൽ ലിംഗ നീതി സംവാദം സംഘടിപ്പിച്ചു.
18. സർവകലാശാല രജത ജൂബിലി ആഘോഷത്തിന്റെ ഭാഗമായി 'സംസ്കൃത പഠനത്തിന്റെ കേരളീയ ധാരകൾ' എന്ന വിഷയത്തിൽ ജൂലൈ 23 മുതൽ 25 വരെ കാലടി മുഖ്യ കേന്ദ്രത്തിൽ സംഘടിപ്പിക്കപ്പെട്ട ദേശീയ സെമിനാർ ഇ.എം.എസ് അക്കാദമി ഡയറക്ടർ ഡോ. കെ.എൻ ഗണേഷ് ഉദ്ഘാടനം ചെയ്തു.
19. സർവകലാശാല മുഖ്യകേന്ദ്രത്തിലെ കേരള ലളിത കലാ അക്കാദമി ആർട്ട് ഗാലറിയിൽ ചിത്രകാരൻമാരുടെ കൂട്ടായ്മയായ ആർട്ട് ഡി യുടെ ചിത്ര പ്രദർശനം ഗ്രിസൈലെ ജൂലൈ 25 ന് പ്രശസ്ത കലാ നിരൂപകൻ വിജയകുമാർ മേനോൻ ഉദ്ഘാടനം ചെയ്തു.
20. ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾക്കായി താരതമ്യ സാഹിത്യ വിഭാഗം സംഘടിപ്പിച്ച ഓറിയന്റേഷൻ പ്രോഗ്രാമിന്റെ ഭാഗമായി ഉള്ള 'കംപാരിറ്റീവ് ലിറ്ററേച്ചർ ഇൻ ദി ചേഞ്ചിങ് സിനേറിയോ' യുടെ ഉദ്ഘാടനം സംസ്കൃത പണ്ഡിതനും സർവകലാശാലയുടെ സംസ്കൃതസാഹിത്യ വിഭാഗം ഡീനുമായ പ്രൊഫസർ സി രാജേന്ദ്രൻ നിർവഹിച്ചു.
21. രജത ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി ജൂലൈ 31 മുതൽ ആഗസ്റ്റ് 2 വരെ നടത്തിയ മലയാള സാഹിത്യോത്സവത്തിന്റെ ഉദ്ഘാടനം കേരള സാഹിത്യ അക്കാദമി പ്രസിഡന്റ് ശ്രീ. വൈശാഖൻ നിർവഹിച്ചു.
22. സർവകലാശാലയുടെ സംസ്കൃത പ്രചാരണ പദ്ധതിയുടെ ഭാഗമായി സംസ്കൃത വിദ്യാർത്ഥികൾക്കായി ഏർപ്പെടുത്തിയ സംസ്കൃത സ്കോളർഷിപ്പ് വിതരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം ജൂലൈ 30 ന് വൈസ് ചാൻസലർ നിർവഹിച്ചു. എറണാകുളം, ആലുവ, മൂവാറ്റുപുഴ കോതമംഗലം വിദ്യാഭ്യാസ ജില്ലകളിലെ സംസ്കൃത സ്കോളർഷിപ്പുകൾ അന്നേ ദിവസം വിതരണം ചെയ്തു. സർവകലാശാലയിലെ 9 അനധ്യാപക ജീവനക്കാർക്ക് സംസ്കൃത കോഴ്സ് വിജയകരമായി പൂർത്തിയാക്കിയതിന് സർട്ടിഫിക്കറ്റ് നൽകി. 'സംസ്കൃത പ്രചാരണം കേരളത്തിൽ - വെല്ലുവിളികളും സാധ്യതകളും' എന്ന പുസ്തകം സിൻഡിക്കേറ്റ് മെമ്പർ ഡോ. കെ.ജി രാമദാസൻ സർവകലാശാല ഫിനാൻസ് ഓഫീസർ ശ്രീ. ടി.എൽ സുശീലന് നൽകി പ്രകാശനം ചെയ്തു.
23. സർവകലാശാല യൂണിവേഴ്സിറ്റി എംപ്ളോയ്മെന്റ് ഇൻഫർമേഷൻ ആൻഡ് ഗൈഡൻസ് ബ്യൂറൊ ബാങ്ക്, പി.എസ്.സി പരീക്ഷകൾക്ക്

തയ്യാറെടുക്കുന്നവർക്കായി ആഗസ്റ്റ് 9 മുതൽ ഒരു മാസം നീ ുനിൽക്കുന്ന സൗജന്യ പരിശീലനം നടത്തി.

24. സർവകലാശാലയിൽ എൻ.എസ്.എസ്. യൂണിറ്റും യുവതയുടെ കൂട്ടായ്മ ദിശയും ചേർന്ന് നടപ്പാക്കുന്ന ദോസ്ത് പദ്ധതി വൈസ് ചാൻസലർ ഉദ്ഘാടനം ചെയ്തു.
25. രജത ജൂബിലി ആഘോഷത്തോടനുബന്ധിച്ച് ആഗസ്റ്റ് 06,07 തീയതികളിൽ സംഘടിപ്പിച്ച ഇന്ത്യയിലെ മുഴുവൻ സംസ്കൃത സർവകലാശാല വൈസ് ചാൻസിലർമാരുടേയും സംസ്കൃത പണ്ഡിതൻമാരുടേയും ദേശീയ സമ്മേളനം സംസ്കൃത പണ്ഡിതനും ജ്ഞാനപീഠം അവാർഡ് ജേതാവും പുരി ശ്രീ ജഗന്നാഥ് സാൻസ്ക്രിറ്റ് യൂണിവേഴ്സിറ്റിയുടെ മുൻ വൈസ് ചാൻസലറുമായിരുന്ന പദ്മഭൂഷൺ പ്രൊഫസർ സത്യവ്രതശാസ്ത്രികൾ ഉദ്ഘാടനം ചെയ്തു. സാൻസ്ക്രിറ്റ് ഇൻ കൺടംപററി ഇൻഡ്യ - പ്രോബ്ലംസ് ആൻഡ് പ്രോസ്പെക്റ്റ്സ് എന്ന വിഷയത്തിൽ ദേശീയ സെമിനാർ നടത്തി. ഉത്തരാഖണ്ഡ് സാൻസ്ക്രിറ്റ് യൂണിവേഴ്സിറ്റി വൈസ് ചാൻസലർ പ്രൊഫസർ പിയൂഷ് കാന്ത് ദീക്ഷിത് സെമിനാർ ഉദ്ഘാടനം ചെയ്തു. സയന്റിഫിക് ലിറ്ററേച്ചർ ഇൻ സാൻസ്ക്രിറ്റ്' എന്ന വിഷയത്തിൽ സർവകലാശാല മുൻ വൈസ് ചാൻസലറായ ഡോ. എൻ.പി.ഉണ്ണി, 'സാൻസ്ക്രിറ്റ് ഇൻ ഡിജിറ്റൽ ഇറ' എന്ന വിഷയത്തിൽ കവികുല ഗുരു കാളിദാസ സാൻസ്ക്രിറ്റ് യൂണിവേഴ്സിറ്റി വൈസ് ചാൻസലർ ഡോ. ശ്രീനിവാസ വാർകേഡി, നാഷണൽ മിഷൻ ഫോർ മാനുസ്ക്രിപ്റ്റ്സ് മുൻ ഡയറക്ടർ, ഡോ. ദീപ്തി ത്രിപാഠി, 'സാൻസ്ക്രിറ്റ് ആൻഡ് റീജണൽ ലാഗ്വേജ്' എന്ന വിഷയത്തിൽ കേരള കലാമണ്ഡലം മുൻ വൈസ് ചാൻസലർ ഡോ. കെ.ജി പൗലോസ് എന്നിവരുടെ പ്രഭാഷണങ്ങളും നടന്നു. ഇന്ത്യയിൽ സംസ്കൃത ഭാഷാ പഠനം നേരിടുന്ന പ്രശ്നങ്ങൾ, ആധുനിക ശാസ്ത്ര സാങ്കേതിക യുഗത്തിൽ സംസ്കൃത ഭാഷയുടെ സ്ഥാനവും സാധ്യതകളും എന്നിവയെക്കുറിച്ച് ദേശീയ സമ്മേളനം ചർച്ച ചെയ്തു. സമ്മേളനത്തിൽ വെച്ച് വ്യാകരണ വിഭാഗം പ്രൊഫസർ ഡോ. കെ യമുന, നാടക വിഭാഗം ഗസ്റ്റ് അദ്ധ്യാപിക ഡോ. എം. ഷിബിജ, സംസ്കൃത വ്യാകരണവിഭാഗം ഗസ്റ്റ് അദ്ധ്യാപിക ഡോ. പി.എസ്. രതി എന്നിവരുടെ പുസ്തകങ്ങൾ പ്രകാശനം ചെയ്യുകയു ായി.
26. സർവകലാശാല നാഷണൽ സർവ്വീസ് സ്കീം യൂണിറ്റുകളും ആലുവ ജില്ലാ ആശുപത്രിയും ചേർന്ന് ആഗസ്റ്റ് 8 ന് സംഘടിപ്പിച്ച രക്ത ദാന ക്യാമ്പ് രജിസ്ട്രാർ ഡോ. ടി.പി രവീന്ദ്രൻ ഉദ്ഘാടനം ചെയ്തു.
27. ആഗസ്റ്റ് 11 ന് തിരുവനന്തപുരത്ത് കേരള സർവകലാശാല സെനറ്റ് ഹാളിൽ ശ്രീ ഗുരുവായൂരപ്പൻ ധർമ്മ കലാ സമുച്ചയത്തിന്റെ ആഭിമുഖ്യത്തിൽ സർവകലാശാലയിലെ ഡാൻസ് വിഭാഗം ചിട്ടപ്പെടുത്തിയ അഷ്ടപദിയാട്ടത്തിന്റെ ര ാമത്തെ അവതരണം നടന്നു.
28. ആഗസ്ത് 15-ാം തീയതിയിലെ സ്വാതന്ത്ര്യദിനാഘോഷം സർവകലാശാലയിൽ ആഘോഷിച്ചു.പ്രസ്തുത ദിനത്തിൽ പെരിയാറിന്റെ തീരത്ത് സ്ഥിതി ചെയ്യുന്ന നമ്മുടെ സർവകലാശാല ഉൾപ്പടെ കാലടി പ്രദേശം ആകമാനം മഹാപ്രളയത്തിലകപ്പെട്ടു.സർവകലാശാലയിലെതന്നെ താഴ്ന്ന പ്രദേശങ്ങളിൽ സ്ഥിതി ചെയ്യുന്ന ഹോസ്റ്റലുകൾ, ഡേ കെയർ, ഗസ്റ്റ് ഹൗസ്, കൂത്തമ്പലം, ആക്ടിവിറ്റി സെന്റർ, കാന്റീൻ, ഫിസിക്കൽ എഡ്യൂക്കേഷൻ, പെയിന്റിംഗ് ഡിപ്പാർട്ട്മെന്റുകൾ എൻ.സി.സി ഓഫീസ്, കരിയർ ഗൈഡൻസ് സെൽ, ഹെൽത്ത് സെന്റർ, അക്കാദമിക് ബ്ളോക്ക്, ഭരണ വിഭാഗം, സെൻട്രൽ ലൈബ്രറി എന്നിവ വെള്ളത്തിലാ ു. ഭരണവിഭാഗം കെട്ടിടത്തിലെ താഴത്തെ നിലയിലെ എഞ്ചിനിയറിംഗ്, ഐ.ക്യു.എ.സി, കേരള സ്റ്റേറ്റ് ഓഡിറ്റ് ഡിപ്പാർട്ട്മെന്റ്, പബ്ളിക്കേഷൻസ്,പബ്ളിക് റിലേഷൻസ്,ഐ.എസ്.എസ്.എസ്, എന്നിവിടങ്ങളിലെ ഫയലുകൾ ഉൾപ്പടെയുള്ള പ്രധാന രേഖകൾ, കൺട്രോൾ പാനലുകൾ, ജനറേറ്ററുകൾ, കുടിവെള്ള ശുചീകരണ സംവിധാനം, ജനറൽ സ്റ്റോർ, വിവിധ പഠന വകുപ്പുകളിലേക്ക് വിതരണം ചെയ്യുവാനായി വാങ്ങിയ 60 ഓളം കമ്പ്യൂട്ടറുകൾ എന്നിവ പ്രളയത്തിൽ തിരിച്ചെടുക്കാനാവാത്തവിധം നശിപ്പിക്കപ്പെട്ടു.സർവകലാശാല വാഹനങ്ങൾ വെള്ളം കയറി പ്രവർത്തന രഹിതമായി. ഹോസ്റ്റൽ അന്തേവാസികളുടെ വിലപ്പെട്ട രേഖകളും അക്കാദമിക് ബ്ളോക്കിൽ സൂക്ഷിച്ചിരുന്ന ഫയലുകളും ചില പ്രധാന രേഖകളും നശിച്ചുപോയി. ഹോസ്റ്റലുകളിൽ വെള്ളം കയറിയതിനെത്തുടർന്ന് വിദ്യാർത്ഥികൾ എം.സി

റോഡിന് അടുത്തുള്ള യൂട്ടിലിറ്റി സെന്ററിൽ അഭയം തേടി. കാലടി സമീപ പ്രദേശങ്ങളിൽ താമസിച്ചിരുന്ന അദ്ധ്യാപകരും നാട്ടുകാരും പ്രളയത്തെത്തുടർന്ന് പ്രസ്തുത കെട്ടിടത്തിലേക്ക് എത്തിച്ചേർന്നു. 7.33 കോടി രൂപയുടെ നാശനഷ്ടമാണ് മഹാപ്രളയം സർവകലാശാലക്ക് വരുത്തിയിട്ടുള്ളത്. സംസ്ഥാന ചീഫ് സെക്രട്ടറിയുടെ സർക്കുലറിന് മറുപടിയായി സർവകലാശാലയിൽ ഉ ായ നാശനഷ്ടങ്ങളെക്കുറിച്ച് വിശദമായ ഒരു റിപ്പോർട്ട് സർക്കാരിന് അയച്ചുകൊടുത്തു. ആഗസ്റ്റ് മാസം 28-ാം തീയതി കാലടി ഗ്രാമ പഞ്ചായത്തിൽവച്ച് ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി ശ്രീ. എ.സി മൊയ്തീന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ വൈസ് ചാൻസലറും, പ്രോ വൈസ് ചാൻസലറും പങ്കെടുക്കുകയും മേൽ സൂചിപ്പിച്ച റിപ്പോർട്ട് കൈമാറുകയും ചെയ്തിട്ടു ്. സർവകലാശാലയിൽ ഉ ായ നാശനഷ്ടങ്ങൾ നേരിൽക ് വിലയിരുത്താനായി സെപ്റ്റംബർ 3 ന് ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രി ഡോ. കെ.ടി ജലീൽ സർവകലാശാല സന്ദർശിച്ചു. ശ്രീ. റോജി. എം. ജോൺ എം.എൽ.എ, പഞ്ചായത്ത് പ്രസിഡന്റ് അഡ്വക്കേറ്റ് കെ. തുളസി, ജില്ലാ പഞ്ചായത്ത് അംഗം ശ്രീ. സാംസൺ ചാക്കൊ എന്നിവരും സന്നിഹിതരായിരുന്നു. 03.09.2018 ന് ക്ളാസ്സ് തുടങ്ങത്തക്ക വിധം ശുചീകരണ പ്രവർത്തികൾ നടപ്പിലാക്കുവാൻ കമ്മിറ്റികൾ രൂപീകരിക്കുകയും അതിനനുസൃതമായി സർവകലാശാല സമൂഹം ഐക്യത്തോടെ ശുചീകരണം നടപ്പിലാക്കുകയും ചെയ്തിട്ടുള്ളത് അഭിനന്ദനാർഹമാണ്. സർവകലാശാലാ ശുചീകരണത്തിന്റെ ഒന്നാം ഘട്ടത്തിൽ ദിവസവേതനക്കാരായ ജീവനക്കാരോടൊപ്പം സ്വമനസ്സാലെ പങ്കെടുത്ത അദ്ധ്യാപക അനദ്ധ്യാപക ജീവനക്കാർക്കും, തുടർന്നുള്ള ഘട്ടങ്ങളിൽ സർവകലാശാലയെ പൂർവ്വസ്ഥിതിയിലാക്കാൻ സഹായിച്ച മറ്റു സർവകലാശാലകളിലെ വിദ്യാർത്ഥികളെയും സുമനസ്സുകളെയും ഈ അവസരത്തിൽ നന്ദിയോടെ സ്മരിക്കുന്നു.

29. പന്മന പ്രാദേശിക കേന്ദ്രത്തിലെ കാന്റീനിന്റെ ഉദ്ഘാടനം സെപ്റ്റംബർ 14 ന് വൈസ് ചാൻസലർ നിർവഹിച്ചു.
30. സർവകലാശാലയിൽ ഉ ായ പ്രളയക്കെടുതികൾ വിലയിരുത്തുവാൻ ഡിസാസ്റ്റർ മാനേജ്മെന്റ് വിദഗ്ദ്ധൻ പീയുഷ് സെഖാറിയ, പരിസ്ഥിതി വിദഗ്ധ ദീപ ബാലകൃഷ്ണൻ, ഡപ്യൂട്ടി കലക്ടർ കെ ചന്ദ്രശേഖരൻ നായർ എന്നിവരടങ്ങുന്ന ലോകബാങ്ക് പ്രതിനിധി സംഘം സർവകലാശാല സെപ്റ്റംബർ 15 ന് സന്ദർശിച്ചു.
31. സംസ്കൃത സാഹിത്യ വിഭാഗത്തിന്റെ നേതൃത്വത്തിൽ സെപ്റ്റംബർ 13, 14, 15 തീയതികളിൽ നടത്തിയ ത്രിദിന പ്രാദേശിക സെമിനാർ വൈസ് ചാൻസലർ ഉദ്ഘാടനം ചെയ്തു.
32. പ്രളയക്കെടുതിയിൽ സർട്ടിഫിക്കറ്റുകളും മാർക്ക്ലിസ്റ്റുകളും നഷ്ടപ്പെട്ടവർക്കായി സർവകലാശാല പരീക്ഷാ വിഭാഗത്തിന്റെ നേതൃത്വത്തിൽ സെപ്റ്റംബർ 26 ന് അദാലത്ത് നടത്തുകയും, വിദ്യാർത്ഥികളിൽ നിന്നും ഫീസ് ഈടാക്കാതെ പുതിയ സർട്ടിഫിക്കറ്റ്, മാർക്ക്ലിസ്റ്റ് എന്നിവ നൽകുകയും ചെയ്തു.
33. മഹാപ്രളയത്തിൽ സർവകലാശാല സെൻട്രൽ ലൈബ്രറിക്കു ായ നഷ്ടങ്ങൾ വിലയിരുത്തുന്നതിന്റെ ഭാഗമായി സെപ്റ്റംബർ 27 ന് സർവകലാശാല സെൻട്രൽ ലൈബ്രറിയിൽ വച്ച് അദ്ധ്യാപകർ, അനദ്ധ്യാപകർ, വിദ്യാർത്ഥികൾ എന്നിവർക്കായി ഡപ്യൂട്ടി ലൈബ്രേറിയന്റെ നേതൃത്വത്തിൽ അദാലത്ത് നടത്തി.
34. സെപ്റ്റംബർ 27 മുതൽ 29 വരെ നിശ്ചയിച്ചിരുന്ന മധ്യപ്രദേശിലെ മഹാമഹർഷി മഹേഷ് യോഗി വേദിക് വിശ്വവിദ്യാലയത്തിന്റെ ഒന്നാം ഘട്ട അസ്സസ്മെന്റ് ആന്റ് അക്രഡിറ്റേഷന്റെ ഭാഗമായി പിയർ ടീമിന്റെ മെമ്പർ കോർഡിനേറ്റർ ആയി തെരഞ്ഞെടുക്കപ്പെട്ട വൈസ് ചാൻസലർ ടി സർവകലാശാലയിൽ ആ ദിവസങ്ങളിൽ പോയതിനാൽ തിരുവനന്തപുരത്തെ മസ്കോട്ട് ഹോട്ടലിൽ വച്ച് സെപ്റ്റംബർ 27 ന് ബഹു. ഉന്നത വിദ്യാഭ്യാസ മന്ത്രിയുടെ അധ്യക്ഷതയിൽ വിളിച്ചു ചേർത്ത എല്ലാ വൈസ് ചാൻസലർമാരുടേയും യോഗത്തിൽ വൈസ് ചാൻസലറുടെ പൂർണ്ണ അധിക ചുമതല വഹിച്ചിരുന്ന പ്രോ വൈസ് ചാൻസലർ പ്രൊഫസർ കെ.എസ്. രവികുമാർ പങ്കെടുത്തു.
35. സർവകലാശാല നടത്തിയ ഇന്റർ സെന്റർ പുരുഷ വോളിബോൾ ചാമ്പ്യൻഷിപ്പ് പയ്യന്നൂർ സെന്റർ കരസ്ഥമാക്കി.

36. സർവകലാശാല മുഖ്യകേന്ദ്രത്തിൽ സംസ്കൃത ജനറൽ വിഭാഗത്തിന്റെയും കോട്ടയ്ക്കൽ ആര്യവൈദ്യശാലയുടെയും നേതൃത്വത്തിൽ 'സാന്ത്വന സ്പർശം' എന്ന അതിജീവന പരിപാടി സെപ്റ്റംബർ 14 ന് നടന്നു
37. ഒക്ടോബർ 3 ന് നടത്തിയ കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ നാലാമത് ഗവേണിംഗ് ബോഡി യോഗത്തിൽ വൈസ് ചാൻസലർ പങ്കെടുത്തു..
38. സർവകലാശാലയിലെ ലളിത കലാ അക്കാദമി ആർട്ട് ഗാലറിയിൽ കേരള ലളിത കലാ അക്കാദമിയുമായി സഹകരിച്ച് സംഘടിപ്പിച്ച ഫ്രീലാൻസ് ഫോട്ടോഗ്രാഫർ സുഷമൻ കടവിലിന്റെ ചിത്രങ്ങളുടെ പ്രദർശനം ഒക്ടോബർ 3ന് പ്രമുഖ സാഹിത്യകാരി കെ. ആർ മീര ഉദ്ഘാടനം ചെയ്തു.
39. ഒക്ടോബർ 4, 5 തീയതികളിൽ നടന്ന 2018-19 അധ്യയനവർഷത്തെ ഇന്റർ സെന്റർ പുരുഷ ഫുട്ബോൾ ചാമ്പ്യൻഷിപ്പിൽ കാലടി മുഖ്യ കേന്ദ്രം ജേതാക്കളായി.
40. സർവകലാശാല എൻ.എസ്.എസ്. യൂണിറ്റുകളുടെ ആഭിമുഖ്യത്തിൽ ഗാന്ധിജയന്തിയോടനുബന്ധിച്ച് കാലടി മൈത്രി റസിഡന്റ്സ് അസ്സോസ്സിയേഷനുമായി സഹകരിച്ച് പ്രളയബാധിതർക്കൊരു കൈത്താങ്ങ് എന്ന പരിപാടി വൈസ് ചാൻസലർ ഉദ്ഘാടനം ചെയ്തു.
41. പ്രശസ്ത നടൻ മോഹൻലാലിന്റെ നേതൃത്വത്തിൽ രൂപീകരിച്ചിട്ടുള്ള വിശ്വശാന്തി ഡവലപ്മെന്റ് ഫൗ ഷന്റെ കെയർ ഫോർ കേരള പദ്ധതിപ്രകാരമുള്ള ദുരിതാശ്വാസ സഹായ വിതരണത്തിന്റെ മൂന്നാം ഘട്ടം ശീമാട്ടി വസ്ത്രാലയത്തിന്റെ സഹകരണത്തോടെ മുഖ്യകേന്ദ്രത്തിൽ ഒക്ടോബർ 6 ാം തീയതി നടത്തി. സർവകലാശാലയിൽ പ്രളയത്തിൽ ദുരിതം നേരിട്ട ഇരുന്നൂറോളം വിദ്യാർത്ഥികൾക്ക് 5000 രൂപയുടെ വസ്ത്രങ്ങൾ വാങ്ങുവാനുള്ള കൂപ്പണുകളാണ് നൽകിയത്. ഇതിന്റെ വിതരണോദ്ഘാടനം മോഹൻലാലും ശീമാട്ടി സി.ഇ.ഒ ബീനാകണ്ണനും ചേർന്ന് നിർവഹിച്ചു. ചടങ്ങിൽ ശ്രീ.ഇന്നസെന്റ് എം.പി മുഖ്യാതിഥി ആയിരുന്നു.
42. സംസ്കൃത സർവകലാശാലയിൽ റൂസാ ധനസഹായത്തോടെ പണികഴിപ്പിക്കുന്ന ഓഡിറ്റോറിയത്തിന്റെ ശിലാ സ്ഥാപനവും നവീകരിച്ച ഡേകെയർ സെന്ററിന്റെ ഉദ്ഘാടനവും ഒക്ടോബർ 8 ാം തീയതി വൈസ് ചാൻസലർ നിർവഹിച്ചു.
43. തമിഴ്നാട് ആരൻതാങ്ങി ഗവ. പോളിടെക്നിക് 1992-93 ബാച്ച് അലുമ്നി നൽകിയ ദുരിതാശ്വാസ കിറ്റുകൾ പ്രളയക്കെടുതിയിൽ പഠനോപകരണങ്ങളും മറ്റു സാമഗ്രികളും നഷ്ടപ്പെട്ട വിദ്യാർത്ഥികൾക്ക് നൽകുന്നതിന്റെ ഉദ്ഘാടനം വൈസ് ചാൻസലർ ഒക്ടോബർ 10 ന് നിർവഹിച്ചു.
44. സർവകലാശാല സാഹിത്യ വിഭാഗവും ഗവേഷകരുടെ കൂട്ടായ്മയും ചേർന്ന് ഗവേഷക വിദ്യാർത്ഥിനിയായിരുന്ന ലിമിഷ അഷ്റഫ് അനുസ്മരണ പ്രഭാഷണവും ഗവേഷക സംഘടന പ്രസിദ്ധീകരിച്ച സംസ്കൃതവും സാംസ്കാരിക പഠനങ്ങളും - പുതിയ പരിപ്രേക്ഷ്യങ്ങൾ എന്ന പുസ്തകത്തിന്റെ പ്രകാശനവും ഒക്ടോബർ 10 ന് സംഘടിപ്പിച്ചു.
45. സർവകലാശാലയിൽ മലയാള വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ നടത്തിയ കഥകളി സോദാഹരണ സെമിനാറിൽ പ്രശസ്ത കഥകളി ആചാര്യൻ ശ്രീ സദനം കൃഷ്ണൻകുട്ടിയെ വൈസ് ചാൻസലർ ഉപഹാരം നൽകി ആദരിച്ചു.
46. സർവകലാശാല ഇന്റർ സെന്റർ പുരുഷ - വനിതാ ബാഡ്മിന്റൺ ചാമ്പ്യൻഷിപ്പിൽ ടീം ഇനത്തിൽ കാലടി മുഖ്യകേന്ദ്രം ഒന്നാം സ്ഥാനം നേടി.
47. സർവകലാശാല മുഖ്യകേന്ദ്രത്തിൽ ലോക മാനസിക ദിനാഘോഷത്തിന്റെ ഭാഗമായി മന:ശാസ്ത്രവിഭാഗത്തിന്റെ നേതൃത്വത്തിൽ യുവജനങ്ങളും മാനസിക ആരോഗ്യവും എന്ന വിഷയത്തിൽ ഒക്ടോബർ 10 ന് ശിൽപശാല സംഘടിപ്പിച്ചു.
48. സർവകലാശാല രജത ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി സംസ്കൃത പണ്ഡിതനായ ഡോ. എൻ.വി.പി ഉണിത്തിരി, പ്രമുഖ കഥകളി കലാകാരൻ പദ്മശ്രീ കലാമണ്ഡലം ഗോപി, സാഹിത്യകാരനും നിരൂപകനുമായ പ്രൊഫസർ എം.കെ സാനു എന്നിവരെ ഒക്ടോബർ 23 ന് ഡി. ലിറ്റ് ബിരുദം നൽകി ആദരിച്ചു. സർവകലാശാല ആസ്ഥാനത്ത് നടന്ന ചടങ്ങിൽ ഗവർണ്ണറും സർവകലാശാല ചാൻസലറുമായ റിട്ടയേർഡ് ജസ്റ്റിസ് പി. സദാശിവം ബിരുദദാനം നിർവഹിക്കുകയും വൈസ് ചാൻസലർ അധ്യക്ഷത വഹിക്കുകയും ചെയ്തു. ഉന്നത വിദ്യാഭ്യാസ മന്ത്രിയും പ്രോ ചാൻസലറുമായ ഡോ. കെ.ടി. ജലീൽ

സന്നിഹിതനായിരുന്നു. പ്രസ്തുത ചടങ്ങ് വൻ വിജയമാക്കിത്തീർത്ത സർവകലാശാലയിലെ അധ്യാപകരേയും ജീവനക്കാരേയും വിദ്യാർത്ഥികളേയും അക്കാദമിക് കൗൺസിൽ അംഗങ്ങളേയും സിൻഡിക്കേറ്റംഗങ്ങളേയും ഈയവസരത്തിൽ സർവകലാശാല അഭിനന്ദിക്കുന്നു.

49. സർവകലാശാല മുഖ്യകേന്ദ്രത്തിൽ മലയാള വിഭാഗത്തിന്റെ നേതൃത്വത്തിൽ ഒക്ടോബർ 24 ന് ആരംഭിച്ച ഭാഷ, സാഹിത്യം, സംസ്കാരം-ഇടങ്ങൾ ഇടപെടലുകൾ എന്ന വിഷയത്തിൽ നടന്ന ത്രിദിന ദേശീയ സെമിനാർ മലയാളം സർവകലാശാല വൈസ് ചാൻസലർ ഡോ. അനിൽ വള്ളത്തോൾ ഉദ്ഘാടനം ചെയ്തു
50. പ്രളയം മൂലം സർവകലാശാലയിലെ ഹിന്ദി ലൈബ്രറിക്കു ായ നഷ്ടങ്ങൾ അറിഞ്ഞ ദൈനിക് ഭാസ്കർ എന്ന ഹിന്ദി ദിനപത്രം സർവകലാശാലക്ക് പുസ്തകങ്ങൾ കൈമാറി. .
51. ഇന്ദിരാഗാന്ധിയുടെ ചരമദിന വാർഷികദിനമായ ഒക്ടോബർ 31 സർവകലാശാല മുഖ്യകേന്ദ്രത്തിൽ ദേശീയോദ്ഗ്രഥന പ്രതിജ്ഞ ചൊല്ലിക്കൊടുത്തുകൊ ് രാഷ്ട്രീയ സങ്കൽപ് ദിവസമായി ആചരിച്ചു.
52. മലയാളഭാഷക്കുവേ ി നിസ്വാർത്ഥമായ പ്രവർത്തനങ്ങൾ നടത്തുന്നവർക്കായി കാലടി ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാല ഏർപ്പെടുത്തിയ ഡോ. പ്രദീപൻ പാമ്പിരിക്കുന്ന് സ്മാരക മാതൃഭാഷാ പുരസ്കാരം മലയാള കമ്പ്യൂട്ടർ അധിഷ്ഠിത ലിപി വ്യവസ്ഥയുടെ ആവിഷ്കർത്താവായ ശ്രീ. കെ.എച്ച്. ഹുസൈന് കേരളപ്പിറവി ദിനമായ നവംബർ 1 ന് നടത്തിയ ചടങ്ങിൽ സമ്മാനിച്ചു. ഫോക്ക്ലോർ പുരസ്കാരം കരസ്ഥമാക്കിയ മലയാള വിഭാഗം പ്രൊഫസർ ഡോ. ലിസ്സി മാത്യുവിനെ ചടങ്ങിൽ ആദരിച്ചു. സർവകലാശാലയിൽ മലയാള ഭാഷ വിദഗ്ദമായി കൈകാര്യം ചെയ്യുന്നതിനുള്ള പുരസ്കാരങ്ങൾ അനധ്യാപക ജീവനക്കാരായ ശ്രീമതി പി.ബി സിന്ധു, ശ്രീ വി.സി രാജൻ എന്നിവർക്ക് നൽകി. രാവിലെ ഭാഷാ പ്രതിജ്ഞ വൈസ് ചാൻസലർ ചൊല്ലിക്കൊടുത്തു.
53. സംസ്കൃത സാഹിത്യ വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ അഭിനവ ഗുപ്തന്റെ സൗന്ദര്യ ദർശനത്തെക്കുറിച്ച് 11 ദിവസത്തെ ദേശീയ ശിൽപശാല നവംബർ ഒന്നിന് വൈസ് ചാൻസലർ ഉദ്ഘാടനം ചെയ്തു.
54. പ്രളയത്തിൽ തൊഴിൽ സാമഗ്രികൾ നഷ്ടപ്പെട്ട വാദ്യകലാകാരൻമാർ ഉൾപ്പടെ ജനസമൂഹത്തെ സഹായിക്കുന്നതിനായി കേരള ക്ഷേത്ര വാദ്യ കലാ അക്കാദമി ഒരുക്കിയ നൂറോളം കലാകാരൻമാർ പങ്കെടുത്ത പാ ിമേളം (സാന്ത്വന മേള സന്ധ്യ) സർവകലാശാല കവാട മൈതാനത്ത് നവംബർ 2 ന് അവതരിപ്പിച്ചു.
55. സർവകലാശാലയിലെ എൻ.എസ്.എസ്.യൂണിറ്റുകളുടെ ആഭിമുഖ്യത്തിൽ ഐ.എം.എ യുടെയും എച്ച്.ഡി.എഫ്.സി ബാങ്കിന്റെയും സഹകരണത്തോടെ രക്ത ദാന ക്യാമ്പ് നടത്തി.
56. നാക് റീഅക്രഡിറ്റേഷനുമായി ബന്ധപ്പെട്ട് നവംബർ 3 ന് ഐ.ക്യു.എ.സി യുടെ നേതൃത്വത്തിൽ ഫാക്കൽറ്റി അദ്ധ്യാപകർക്കായി ഏക ദിന ഓറിയന്റേഷൻ പ്രോഗ്രാം സംഘടിപ്പിച്ചു. ചെന്നൈ ഐ.ഐ.റ്റി യിലെ പ്രൊഫസർ ഡോ. എൻ. ശ്രീകുമാർ ക്ളാസ്സ് നയിച്ചു.
57. കാലടിയുടെ പുനർ നിർമ്മാണവുമായി ബന്ധപ്പെട്ട് പ്രോജക്ടുകൾ സമർപ്പിക്കാൻ കാലടി പഞ്ചായത്ത് സർവകലാശാല സോഷ്യൽ വർക്ക് വിഭാഗത്തോട് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത വിഭാഗം വിദ്യാർത്ഥികൾ നവംബർ 8 ന് പഞ്ചായത്ത് ഓഫീസിൽ സംഘടിപ്പിച്ച യോഗത്തിൽ അവ സമർപ്പിച്ചു.
58. കേരള സോഷ്യോളജിക്കൽ സൊസൈറ്റിയുടെ മൂന്ന് ദിവസത്തെ വാർഷിക സമ്മേളനം സംസ്കൃത സർവകലാശാല മുഖ്യകേന്ദ്രത്തിൽ കേരള സ്റ്റേറ്റ് ഹയർ എഡ്യൂക്കേഷൻ കൗൺസിൽ വൈസ് ചെയർമാൻ പ്രൊഫസർ രാജൻ ഗുരുക്കൾ നവംബർ 9 ന് ഉദ്ഘാടനം ചെയ്തു. സമ്മേളനത്തോടനുബന്ധിച്ച് സമർപ്പിക്കപ്പെട്ട ഏറ്റവും നല്ല പ്രബന്ധത്തിനുള്ള യങ്ങ് സോഷ്യോളജിസ്റ്റ് അവാർഡിന് സോഷ്യോളജി വിഭാഗം അദ്ധ്യാപകനും അക്കാദമിക് കൗൺസിൽ അംഗവുമായ ഡോ. ബിജു വിൻസന്റ് അർഹനായി. ബിജുവിന് ഹാർദ്ദമായ അഭിനന്ദനങ്ങൾ.
59. സർവകലാശാല/കോളേജ് തല സംസ്കൃത അദ്ധ്യാപകർക്കായി സംസ്കൃത പ്രചരണ വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച 21 ദിവസം

നീ  ുനിൽക്കുന്ന റിഫ്രഷർ കോഴ്സായ പുനർനവ ര  ാം ഘട്ടം നവംബർ 12 ന് കേരള സ്റ്റേറ്റ് ഹയർ എഡ്യൂക്കേഷൻ കൗൺസിൽ മെമ്പർ സെക്രട്ടറി ഡോ. രാജൻ വർഗ്ഗീസ് ഉദ്ഘാടനം ചെയ്തു. വൈസ് ചാൻസലർ ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു.

60. കേരള ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ സഹായത്തോടെ സർവകലാശാലയുടെ ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെൽ സംഘടിപ്പിച്ച ഔട്ട്കം ബെയ്സ്ഡ് സിലബസ് റീ സ്ട്രക്ച്ചറിംഗ് എന്ന വിഷയവുമായി ബന്ധപ്പെട്ട ത്രിദിന ശിൽപശാല നവംബർ 12 ന് വൈസ് ചാൻസലർ ഉദ്ഘാടനം ചെയ്തു.
61. ശാസ്ത്രവും സാങ്കേതിക വിദ്യയും സംസ്കൃതത്തിൽ എന്ന വിഷയത്തിൽ സർവകലാശാല സാഹിത്യ വിഭാഗവും റിസർച്ച് ഫോറവും ചേർന്ന് നവംബർ 13 മുതൽ സംഘടിപ്പിച്ച മൂന്ന് ദിവസത്തെ അന്താരാഷ്ട്ര സമ്മേളനം മുഖ്യകേന്ദ്രത്തിൽ ബെൽജിയം ലുവെയ്ൻ യൂണിവേഴ്സിറ്റി പ്രൊഫസർ ക്രിസ്റ്റൊഫെ വെയ്‌ലി ഉദ്ഘാടനം ചെയ്തു. അതിനോടനുബന്ധിച്ച് റിസർച്ച് ഫോറം പ്രസിദ്ധീകരിച്ച സയന്റിഫിക് റിലം ഇൻ സാൻസ്ക്രിറ്റ് എന്ന പുസ്തകം പ്രകാശിപ്പിക്കുകയു  ായി.
62. കൂടാതെ രജത ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി വിവിധ പഠന വകുപ്പുകളുടെ നേതൃത്വത്തിൽ ദേശീയ സെമിനാറുകളും ഈ കാലയളവിൽ നടത്തുകയു  ായി.

എല്ലാവരുടേയും സഹകരണവും ക്രിയാത്മകമായ നിർദ്ദേശങ്ങളും പ്രതീക്ഷിച്ചുകൊ ് അജൻഡകളിൽമ്മേലുള്ള ചർച്ചകൾക്കായി ഏവരേയും ക്ഷണിച്ചുകൊള്ളുന്നു.

## II. പ്രാഥമിക കാര്യപരിപരിപാടി

### ഐറ്റം നം.1

ഡോ.എം.എസ്.മുരളീധരൻ പിള്ള അവതരിപ്പിച്ച് ഡോ.ബിജു വിൻസന്റ് പിന്താങ്ങുന്ന പ്രമേയം

സംസ്കൃത സർവകലാശാല മലയാള വിഭാഗം പ്രൊഫസറും, ഫാക്കൽറ്റി ഓഫ് ഇന്ത്യൻ ലാംഗ്വേജസ് ഡീനും, കേരളത്തിലെ സാമൂഹിക സാംസ്കാരിക രംഗത്ത് അറിയപ്പെടുന്ന പ്രഭാഷകനുമായ ഡോ.സുനിൽ പി. ഇളയിടത്തിന്റെ ഓഫീസിനു നേരെ നടന്ന അക്രമത്തേയും, ഭീഷണിയേയും, കാലടി സംസ്കൃത സർവകലാശാലയിലെ അക്കാദമിക് കൗൺസിൽ യോഗം ശക്തമായി അപലപിക്കുന്നു. കുറ്റക്കാരെ ക  ത്തി കർശന നടപടി കൈക്കൊള്ളണമെന്ന് ഈ യോഗം ആവശ്യപ്പെടുന്നു. ഡോ.സുനിൽ പി. ഇളയിടത്തിന്റെ അക്കാദമിക - സാംസ്കാരിക ചെറുത്തുനിൽപ്പുകൾക്ക് ഈ കൗൺസിൽ യോഗം പൂർണ്ണ പിന്തുണയും ഐക്യദാർഢ്യവും പ്രഖ്യാപിക്കുന്നു.

മേൽ അവതരിപ്പിച്ച അടിയന്തിര പ്രമേയം അക്കാദമിക് കൗൺസിൽ ഐകകണ്ഠേന പാസ്സാക്കി.

## പരിഗണനയ്ക്കുള്ള വിഷയങ്ങൾ (Item for consideration)

### ഐറ്റം നം.2

2015 അഡ്മിഷൻ മുതലുള്ള ബി.എ. കോഴ്സിന്റെ റഗുലേഷനിലെ ഗ്രേഡിംഗ് സിസ്റ്റത്തിൽ മാറ്റം വരുത്തിയത് - സംബന്ധിച്ച്. (നം. എസിഡി.സി2/13423/മോഡിഫിക്കേഷൻ സിബിസിഎസ്എസ്/എസ്.എസ്.യു.എസ്/2012)

ബി.എ. കോഴ്സുകളുടെ ഗ്രേഡ് പോയിന്റ് റേഞ്ച് വ്യക്തമാക്കി 28.06.2018 തീയതിയിലെ ഇ.സി./3602/എസ്.എസ്.യു.എസ്./2013 നമ്പർ ഉത്തരവ് ഇറക്കിയ വൈസ് ചാൻസലറുടെ നടപടി സാധൂകരിക്കുവാനും 2015 ബി.എ. റഗുലേഷൻ ക്ലോസ് 10ൽ നിലവിലെ വ്യവസ്ഥയ്ക്ക് പകരം താഴെ പറയുന്ന ഭേദഗതിപ്പെടുത്തിയ ഗ്രേഡ് പോയിന്റ് ഉൾപ്പെടുത്തി പ്രാബല്യപ്പെടുത്തുന്നതിന് തീരുമാനിച്ചു. കൂടാതെ ക്ലോസ് 10ലെ മറ്റു വാചകങ്ങളും വ്യവസ്ഥകളും അതേപടി തുടരാനും തീരുമാനിച്ചു.

| Marks | Letter | Grade Points | Grade Point Range |
|---|---|---|---|

| | Grade | | |
|---|---|---|---|
| 90 and above | A+ | 10 | Above 9 |
| 80 – 89.99 | A | 9 | Above 8, but below or equal to 9 |
| 70 – 79.99 | B | 8 | Above 7, but below or equal to 8 |
| 60 – 69.99 | C | 7 | Above 6, but below or equal to 7 |
| 50 – 59. 99 | D | 6 | Above 5, but below or equal to 6 |
| 40 – 49.99 | E | 5 | Above 4, but below or equal to 5 |
| Below 40 | F | 4 | 4 or below |

## ഐറ്റം നം.3

എം.എ./എം.എസ്.സി/എം.പി.എഡ് ഡിഗ്രി 2018 ഏപ്രിൽ മാസം നടന്ന നാലാം സെമസ്റ്റർ പരീക്ഷകളിൽ വിജയികളായ വിദ്യാർത്ഥികൾക്ക് ബിരുദം നൽകുന്നത് - സംബന്ധിച്ച്. (നം.ഇബി/4021/സി.വി.ക്യാമ്പ്/2018)

2017 ഒക്ടോബർ മാസത്തിൽ എം.എ. പ്രോഗ്രാം പൂർത്തിയാക്കിയ മൂന്ന് വിദ്യാർത്ഥികളുടെ പരീക്ഷാഫലവും, നാലാം സെമസ്റ്റർ എം.എ./എം.എസ്.സി/ എം.പി.എഡ്. ഡിഗ്രികളുടെ 2018 ഏപ്രിലിലെ 658 വിദ്യാർത്ഥികളുടെ പരീക്ഷാ ഫലവും അംഗീകരിക്കുന്നതിനും ഡിഗ്രി അവാർഡ് ചെയ്യുന്നതിനും തീരുമാനിച്ചു.കൂടാതെ പരീക്ഷാഫലം പ്രസിദ്ധീകരിക്കുമ്പോൾ രജിസ്ടർ ചെയ്ത വിദ്യാർത്ഥികളുടെ എണ്ണം,പാസ്സായവർ എന്നീ വിവരങ്ങൾ ശതമാനക്കണക്കിൽ രേഖപ്പെടുത്തുവാനും നിർദ്ദേശിച്ചു.

## ഐറ്റം നം.4

2015 അഡ്മിഷൻ മുതലുള്ള ബി.എ. വിദ്യാർത്ഥികളുടെ പരീക്ഷയുടെ ഉത്തരക്കടലാസ് പുനർമൂല്യനിർണ്ണയം, പരിശോധന എന്നിവ റഗുലേഷനിൽ ഉൾപ്പെടുത്തുന്നത് - സംബന്ധിച്ച്. (നം. എസിഡി.സി2/13423/മോഡിഫിക്കേഷൻ സിബിസിഎസ്എസ്/ എസ്.എസ്.യു.എസ്/2012)

2015ലെ ചോയ്സ് ബേസ്ഡ് ക്രെഡിറ്റ് ആന്റ് സെമസ്റ്റർ സിസ്റ്റം ബി.എ. റഗുലേഷനിൽ റീവാല്യുവേഷനുള്ള അപേക്ഷ, സമയപരിധി, റീവാല്യുവേഷൻ നടപടികൾ, സൂക്ഷ്മ പരിശോധന തുടങ്ങിയവക്കായിപുതിയ വ്യവസ്ഥകൾ ക്ലോസ് 12ൽ കൂട്ടിച്ചേർക്കുന്നതിന് തീരുമാനിച്ചു. വ്യവസ്ഥകൾ അനുബന്ധം –I ൽ നൽകിയിരിക്കുന്നു.

## ഐറ്റം നം.5

2015 മുതൽ പ്രവേശനം നേടിയ ബി.എ. വിദ്യാർത്ഥികളുടെ ഒരു ഗ്രേസ് ഗ്രേഡ്/ഗ്രേഡ് പോയിന്റ്, ര ് മാർക്കായി നിജപ്പെടുത്തിയ തീരുമാനം - അക്കാദമിക് കൗൺസിലിന്റെ സാധൂകരണംതേടുന്നത്-സംബന്ധിച്ച് (നം.എസ്.ഡബ്ല്യൂ.സി/13501/എസ്.എസ്.യു.എസ്/2012)

വിദ്യാർത്ഥികൾക്ക് ഗ്രേസ് ഗ്രേഡ്/ഗ്രേഡ് പോയിന്റ് അനുവദിക്കുന്നതിനായി നിയമാവലി പരിഷ്കരിക്കുന്നതിന് രൂപീകരിച്ച കമ്മിറ്റിയുടെ നിർദ്ദേശ പ്രകാരം 2015 മുതൽ പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ ഒരു ഗ്രേസ് ഗ്രേഡ്/ഗ്രേഡ് പോയിന്റ് ര ് മാർക്ക് ആയി നിജപ്പെടുത്തിയ വൈസ് ചാൻസലറുടെ നടപടി സാധൂകരിക്കുന്നതിന് തീരുമാനിച്ചു.

## ഐറ്റം നം.6

ന്യൂനപക്ഷ മത വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് ലഭ്യമാകുന്ന എല്ലാ ആനുകൂല്യങ്ങളും ജൈനമത വിഭാഗത്തിലെ വിദ്യാർത്ഥികൾക്കും നൽകുന്നത് - സാധൂകരണം - സംബന്ധിച്ച്. (നം.2777/എസിഡി.ബി2/2006/എസ്.എസ്.യു.എസ്)

കേരള സർക്കാർ ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ 12.09.2018ലെ ബി1/206/2018/ഉ.വി.വ. നമ്പർ കത്ത് പ്രകാരം നിർദ്ദേശിച്ചതനുസരിച്ച് നിലവിൽ ന്യൂനപക്ഷ മത വിഭാഗത്തിലെ വിദ്യർത്ഥികൾക്ക് ലഭ്യമാകുന്ന എല്ലാ ആനുകൂല്യങ്ങളും ജൈനമത വിഭാഗത്തിലെ വിദ്യാർത്ഥികൾക്കും അനുവദിച്ച വൈസ് ചാൻസലറുടെ 03.10.2018 തീയതിയിലെ 2777/എസി.ഡി.ബി2/2006/ എസ്.എസ്.യു.എസ്. നമ്പർ ഉത്തരവ് സാധൂകരിക്കുവാൻ തീരുമാനിച്ചു.

## ഐറ്റം നം.7

തുല്യതാ സർട്ടിഫിക്കറ്റ് നൽകിയത് - സാധൂകരണം - സംബന്ധിച്ച്.
(നം. എസിഡിഎ2/2997/എസ്.എസ്.യു.എസ്/2018)

(1) ശ്രീ കാർത്തിക് ശർമ്മ കെ.യുടെ മദ്രാസ് സർവകലാശാലയുടെ ബി.എ. സംസ്കൃത ശിരോമണി മാധ്യമ അദ്വൈത വേദാന്ത - എം.എ. സംസ്കൃതം ശിരോമണി മധ്യമ അദ്വൈത വേദാന്ത എന്നീ കോഴ്സുകൾക്ക് സംസ്കൃത സർവകലാശാലയുടെ ബി.എ. സംസ്കൃത വേദാന്തം, എം.എ. സംസ്കൃത വേദാന്തം തുല്യത സർട്ടിഫിക്കറ്റുകൾ നൽകിയതും,

(2) ശ്രീമതി രേഖ എം.ആർ. ന്റെ രാഷ്ട്രീയ സംസ്കൃത വിദ്യാപീഠം, തിരുപ്പതിയുടെ ബി.എ. ശാസ്ത്രി (സാഹിത്യം) , എം.എ. സാഹിത്യം കോഴ്സുകൾക്ക് സംസ്കൃത സർവകലാശാലയുടെ ബി.എ. സംസ്കൃത സാഹിത്യം, എം.എ. സംസ്കൃത സാഹിത്യം തുല്യത സർട്ടിഫിക്കറ്റുകൾ നൽകിയതും,

(3) ശ്രീമതി ഷീബ കെ.എം.ന്റെ രാഷ്ട്രീയ സംസ്കൃത വിദ്യാപീഠം, തിരുപ്പതിയുടെ എം.എ. ആചാര്യ സാഹിത്യം കോഴ്സിന് സംസ്കൃത സർവകലാശാലയുടെ എം.എ. സംസ്കൃത സാഹിത്യം തുല്യത സർട്ടിഫിക്കറ്റ് നൽകിയ വൈസ് ചാൻസലറുടെ നടപടികൾ സാധൂകരിച്ചു.

## ഐറ്റം നം.8

യുജിസിയുടെ പ്ലാഗിയറിസം റഗുലേഷൻ 2017 - കരട് പരിശോധന കമ്മിറ്റിയുടെ റിപ്പോർട്ട് അംഗീകാരത്തിന് സമർപ്പിക്കുന്നത് - സംബന്ധിച്ച്.
(നം. എസിഡിബി1/14928/എസ്.എസ്.യു.എസ്/2017)

Approved the ***Regulations for maintenance of Academic Integrity and prevention of Plagiarism in Sree Sankaracharya University of Sanskrit, 2018***.
റഗുലേഷൻസ് അനുബന്ധം - II ആയി നൽകിയിരിക്കുന്നു.

## ഐറ്റം നം.9

ഏറ്റുമാനൂർ പ്രാദേശിക കേന്ദ്രത്തിൽ ''പി.ജി.ഡിപ്ലോമ ഇൻ വെൽനസ് ആന്റ് സ്പാ മാനേജ്മെന്റ് പ്രോഗ്രാം തുടങ്ങുന്നതിനുള്ള സ്കീം, സിലബസ്, തുടങ്ങിയവ അംഗീകരിക്കുന്നത് - സംബന്ധിച്ച്. (നം. എസിഡിബി1/11020/എസ്.എസ്.യു.എസ്/2017)

പി.ജി. ഡിപ്ലോമ ഇൻ വെൽനസ് ആന്റ് സ്പാ മാനേജ്മെന്റ് പ്രോഗ്രാം അംഗീകരിക്കുവാനും, ഇതിന്റെ സ്കീം, സിലബസ്, കരിക്കുലം, റഗുലേഷൻ എന്നിവ സർവകലാശാലയുടെ പൊതുവായ ഔട്ട് കം ബേസ്ഡ് എഡ്യുക്കേഷൻ രീതീയിലേക്ക് ഭേദഗതിപ്പെടുത്തുവാനും തീരുമാനിച്ചു.

## ഐറ്റം നം.10

Certificate Programme in Natural Disaster Management and Mitigation-Dept. of Geography-reg (No.Acd B1/14527/SSUS/2018)

ജ്യോഗ്രഫി വിഭാഗത്തിൽ Natural Disaster Management and Mitigation എന്ന സർട്ടിഫിക്കറ്റ് പ്രോഗ്രാം തുടങ്ങുന്നതിനും, സർട്ടിഫിക്കറ്റ് പ്രോഗ്രാമിനുള്ള സിലബസ് അംഗീകരിക്കുന്നതിനും തീരുമാനിച്ചു. സിലബസ് അനുബന്ധം – III ൽ ചേർത്തിരിക്കുന്നു.

## III. സപ്ലിമെന്ററി കാര്യപരിപാടി

## പരിഗണനയ്ക്കുള്ള വിഷയങ്ങൾ (Item for consideration)

### ഐറ്റം നം.1

2018-19 അഡ്മിഷൻ മുതൽ പ്രാബല്യത്തിൽ വരും വിധം പുതിയ സർട്ടിഫിക്കറ്റ്/ഡിപ്ലോമ കോഴ്സുകൾക്ക് ബാധകമാക്കിക്കൊ ുള്ള റഗുലേഷൻ - അംഗീകാരത്തിന് സമർപ്പിക്കുന്നത് - സംബന്ധിച്ച് (നം.എസി.ഡി.ബി1/14793/എസ്.എസ്.യു.എസ്/2018)

2018-19 അഡ്മിഷൻ മുതൽ പ്രാബല്യത്തിൽ വരും വിധം പുതിയ സർട്ടിഫിക്കറ്റ്/ഡിപ്ലോമ കോഴ്സുകൾക്ക് ബാധകമാക്കിക്കൊ ുള്ള റഗുലേഷൻ അംഗങ്ങൾ നിർദ്ദേശിച്ച മാറ്റങ്ങളോടെ അംഗീകരിക്കുന്നതിന് തീരുമാനിച്ചു. കൂടാതെ പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ പ്രോഗ്രാമിനുള്ള റഗുലേഷൻ ഉ ാക്കി സമർപ്പിക്കുന്നതിന് ഐ.ക്യു.എ.സി. കോ-ഓർഡിനേറ്ററെ ചുമതലപ്പെടുത്തി. ര ു റഗുലേഷനും സിൻഡിക്കേറ്റിൽ സമർപ്പിക്കുവാനും തീരുമാനിച്ചു. റഗുലേഷൻ അനുബന്ധം - IV ആയി ചേർത്തിരിക്കുന്നു.

### ഐറ്റം നം.2

ഗവേഷണം പാർട്ട് ടൈം ആക്കുന്നത് -സംബന്ധിച്ച്
(നം.എസി.ഡിഎ1/842/ എസ്.എസ്.യു.എസ്/2016)

ഗവേഷകരായ ശ്രീമതി മഞ്ജുഷ മധുസൂദനൻ, ശ്രീമതി സുജ മാത്യു എന്നിവർ സമർപ്പിച്ച അപേക്ഷകൾ, ഈ വിഷയം സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് നൽകാൻ ചുമതലപ്പെടുത്തിയ കമ്മിറ്റിയുടെ ശുപാർശകൾ ലഭിച്ച ശേഷം ഉചിത നടപടി കൈക്കൊള്ളുന്നതിനു തീരുമാനിച്ചു. കൂടാതെ റഗുലേഷൻസിന് അനുബന്ധമായി റൂൾസ് ഉ ാക്കണമെന്ന ഡോ.എസ് രാമചന്ദ്രൻ നായരുടെ നിർദ്ദേശം അംഗീകരിക്കുവാനും തീരുമാനിച്ചു.

### ഐറ്റം നം.3

പി.എച്ച്.ഡി. റഗുലേഷനിൽ മാറ്റം വരുത്തുന്നത് - സംബന്ധിച്ച്
(നം.എസി.ഡി.ബി2/5205/2018/എസ്.എസ്.യു.എസ്)

2017 പി.എച്ച്.ഡി. റഗുലേഷനുകളിൽ പറയുന്ന പുതിയ വ്യവസ്ഥ ക്ലോസ് 15ൽ കൂട്ടിച്ചേർക്കുന്നതിന് തീരുമാനിച്ചു.

Clause 15 (e) – The candidate must have 80 percent of attendance to be eligible to appear for the Course Work Examination.

### ഐറ്റം നം.4

എം.ഫിൽ/പി.എച്ച്.ഡി. പ്രവേശന പരീക്ഷയുടെ യോഗ്യതാ മാർക്ക് 50% ൽ നിന്നും 45% ത്തിലേക്ക് നിജപ്പെടുത്തിയത് -സംബന്ധിച്ച്
(നം.എസി.ഡിഎ1/2555/എസ്.എസ്.യു.എസ്/2017)

2017 ലെ എം.ഫിൽ/പി.എച്ച്.ഡി റഗുലേഷനുകളിൽ പ്രവേശന യോഗ്യതകൾക്ക് താഴെ പറയുന്ന ഭേദഗതികൾ അംഗീകരിച്ച വൈസ് ചാൻസലറുടെ നടപചി സാധൂകരിക്കുവാൻ തീരുമാനിച്ചു.

**M.Phil Regulation 2017**

| Existing Provision | Amendment provision |
|---|---|
| Clause 5 - Only those applicants who secure 50% marks and above in the Written Test will be considered for admission. Applicants belonging to the SC/ST communities require only a minimum of 45% marks in the EntranceExamination. Vacancies arising due to shortage of eligible applicants belonging to the SC and ST communities shall be re-notified twice and if they still remain vacant, they shall be filled up as per the existing rules and regulations. The reservation policy adopted by the State Government/ Central Govern- ment and the UGC from time shall be strictly adhered to | Clause 5 - The candidates who secure 50% marks or above in the entrance examination alone will be qualified. Relaxation of 5% of marks (from 50% to 45%) shall be allowed for the candidates belonging of SC/ST/OBC (Non- Creamy Layer)/ differently-abled category in the entrance examination conducted by the Universities. If in spite of the above relaxation, the seats allotted for SC/ST/OBC/(Non Creamy Layer)/ Differently-abled categories remain unfilled, the Universities shall launch a Special Admission Drive, for that particular category within one month from the date of closure of admissions of General Category. The University will device its own admission procedure along with eligibility conditions to ensure that most of the seats under these categories are filled. |

**PhD. Regulation 2017**

| Existing Provision | Amendment provision |
|---|---|
| Clause 4.1 - The candidates who secure 50% marks or above in the entrance examination alone will be qualified. The candidates belonging to the SC/ST communities require only a minimum of 45% for qualifying in the entrance Examination. Being placed in the qualified list alone shall not entitle a candidate for admission to the PhD Programme. | Clause 4.1 - The candidates who secure 50% marks or above in the entrance examination alone will be qualified. Relaxation of 5% of marks (from 50% to 45%) shall be allowed for the candidates belonging of SC/ST/OBC (Non- Creamy Layer)/ differently-abled category in the entrance examination conducted by the Universities. If in spite of the above relaxation, the seats allotted for SC/ST/OBC/(Non Creamy Layer)/ Differently-abled categories remain unfilled, the Universities shall launch a Special Admission Drive, for that particular category within one month from the date of closure of admissions of General Category. The University will device its own admission procedure along with eligibility conditions to ensure that most of the seats under these categories are filled. |

## ഐറ്റം നം.5

അസോസിയേഷൻ ഓഫ് ഇന്ത്യൻ യൂണിവേഴ്സിറ്റീസിൽ രജിസ്റ്റർ ചെയ്തിരിക്കുന്ന സർവകലാശാലകളുടെ റഗുലർ കോഴ്സുകൾക്ക് തുല്യത നൽകുന്നത് -സംബന്ധിച്ച് (നം.എസി.ഡിഎ2/15546/എസ്.എസ്.യു.എസ്/2016)

കേരള സർക്കാർ അംഗീകരിച്ച ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ GO (MS) No.264/2015/H.Edn. dated, 01.11.2018 പ്രകാരമുള്ള Norms/Guidelines Relating to Equivalency/Recognition of academic programmes or Area of studies and Nomenclature and Degree of other Universities – സർവകലാശാലയിൽ ബാധകമാക്കുന്നതിന് തീരുമാനിച്ചു.

## ഐറ്റം നം.6

Award of Ph.D to various candidates - reg (No.EA/4513/2010/SSUS)

അനുബന്ധം - Vൽ വിവരിക്കുന്ന 22 ഗവേഷകർക്ക് പി.എച്ച്.ഡി. അവാർഡ് ചെയ്യുന്നതിന് തീരുമാനിച്ചു.

## ഐറ്റം നം.7

B.A. (CBCSS)/BFA Degree Examinations April 2018 – Result published – Confer of – Award of Degrees – reg (No.EC/9458/SSUS/2017)

2018 ഏപ്രിലിൽ ബി.എ./ബി.എഫ്.എ. റിസൾട്ട് അംഗീകരിച്ച് വിജയിച്ച വിദ്യാർത്ഥികൾക്ക് ഡിഗ്രി അവാർഡ് ചെയ്യുന്നതിന് തീരുമാനിച്ചു.

## ഐറ്റം നം.8

ഭാരതീയാർ സർവകലാശാലയുടെ റഗുലർ എം.ഫിൽ ജ്യോഗ്രഫി കോഴ്സിന് തുല്യത നൽകിയത് - സാധൂകരണം - സംബന്ധിച്ച്
(നം.എസി.ഡിഎ2/2997/എസ്.എസ്.യു.എസ്/2018)

ധനുശ്രീ എം. എന്ന വിദ്യാർത്ഥിയുടെ ഭാരതീയാർ സർവകലാശാലയുടെ റഗുലർ എം.ഫിൽ ജ്യോഗ്രഫി കോഴ്സിന് സംസ്കൃത സർവകലാശാലയുടെ എം.ഫിൽ ജ്യോഗ്രഫിയുമായി തുല്യത സർട്ടിഫിക്കറ്റ് നൽകിയ വൈസ് ചാൻസലറുടെ നടപടി സാധൂകരിച്ചു.

## ഐറ്റം നം.9

2017-18 അക്കാദമിക് വർഷത്തെ എം.എസ്.ഡബ്ല്യു, എം.എഫ്.എ., പി.ജി.ഡിപ്ലോമ, ഡിപ്ലോമ എന്നീ ഡിഗ്രികൾ അവാർഡ് ചെയ്യുന്നത് - സംബന്ധിച്ച്
(നം: ഇ.ഡി/11607/എസ്.എസ്.യു.എസ്/2018)

2017-18 അക്കാദമിക് വർഷത്തെ എം.എസ്.ഡബ്ല്യു -115, എം.എഫ്.എ. -7, പി.ജി.ഡിപ്ലോമ -23, ഡിപ്ലോമ -4 എന്നീ ഡിഗ്രികളുടെ റിസൾട്ട് അംഗീകരിച്ച് ഡിഗ്രി അവാർഡ് ചെയ്യുന്നതിന് തീരുമാനിച്ചു.

# IV. പ്രമേയങ്ങൾ (Resolutions)

## ഐറ്റം നം.10

ശ്രീ സി.എം.മനോജ് കുമാർ നിർദ്ദേശിച്ച് പ്രൊഫ.എബി കോശി പിന്താങ്ങുന്ന പ്രമേയം

സർവകലാശാല ഫെല്ലോഷിപ്പുകൾക്കായി ഗവേഷകർ ബോ ് നൽകുന്ന നിലവിലെ വ്യവസ്ഥ ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ടുകൊ ുള്ള പ്രമേയം പരിഗണനക്കായി റിസർച്ച് സ്ഥിരം സമിതി വഴി സിൻഡിക്കേറ്റിൽ സമർപ്പിക്കുവാൻ തീരുമാനിച്ചു.

## ഐറ്റം നം.11

അക്കാദമിക് കൗൺസിൽ വിദ്യാർത്ഥി പ്രതിനിധി സാവിത്രി കെ.കെ., (എം.എസ്.സി. സൈക്കോളജി) അവതരിപ്പിക്കുന്ന പ്രമേയം

വിദ്യാർത്ഥി പ്രതിനിധി അവതരിപ്പിച്ച വിവിധ ആവശ്യങ്ങൾ ഉന്നയിച്ചുകൊ ുള്ള പ്രമേയം തള്ളാനും ടി വിഷയങ്ങൾ ബന്ധപ്പെട്ട വകുപ്പുകൾക്ക് ് കൈമാറുന്നതിനും തീരുമാനിച്ചു.

## അഡീഷണൽ അജ

## ഐറ്റം നം.1

എം.ഫിൽ/പി.എച്ച്.ഡി. അഡ്മിഷനിൽ സംവരണ വിഭാഗങ്ങൾക്ക് പ്രാതിനിധ്യം ലഭ്യമാക്കുന്നത് - സംബന്ധിച്ച്. (നം. എസിഡി എ1/12023/എസ്.എസ്.യു.എസ്/2018)

എം.ഫിൽ/പി.എച്ച്.ഡി. പ്രവേശനത്തിന് 2018-19 അടിസ്ഥാന വർഷമായി കണക്കാക്കി സംവരണ തുടർച്ച എല്ലാവർഷവും പ്രവേശനത്തിന് പാലിക്കുന്നതിന് തീരുമാനിച്ചു.

## ഐറ്റം നം.2

എം.എ.ഭരതനാട്യം സിലബസിലെ ക്രെഡിറ്റുകൾ ഏകീകരിക്കുന്നത് -സംബന്ധിച്ച്
(നം: എസിഡി.ബി1/3679/എസ്.എസ്.യു.എസ്/2009)

എം.എ. ഭരതനാട്യം കോഴ്സിന് 2017, 2018 വർഷങ്ങളിലും തുടർന്നും പ്രവേശനം നേടുന്നവരുടെ I, II സെമസ്റ്ററുകളിലെ ക്രെഡിറ്റുകൾ താഴെ പറയുന്ന വിധത്തിൽ അനുവദിക്കുന്നതിന് തീരുമാനിച്ചു.ഇതുമായി ബന്ധപ്പെട്ട മറ്റ് ക്രമീകരണങ്ങൾ നടത്തുവാൻ പ്രൊ വൈസ് ചാൻസലറെ ചുമതലപ്പെടുത്തി.

**2017, 2018 വർഷങ്ങളിലെ ക്രെഡിറ്റുകൾ താഴെ വിവരിക്കുന്നു.**

**SEMESTER I**

| Sl no | Course Type | Title | Credit |
|---|---|---|---|
| 1 | Core | PBHM 3220 Practical I | 4 |
| 2 | Core | PBHM 3221 General Introduction To The Indian Classical Dance Forms | 4 |
| 3 | Core | PBHM 3222 Aesthetics – A detailed View | 4 |
| 4 | Internal Elective | PBHM 3223 Bharathanatyam – In different Phase | 4 |
| | | Total | 16 |

**SEMESTER II**

| Sl no | Course Type | Title | Credit |
|---|---|---|---|
| 1 | Core | PBHS 3224 Practical II | 4 |
| 2 | Core | PBHS 3225 Practical III | 4 |
| 3 | Core | PBHS 3226 An outlook to the International Dances | 2 |
| 4 | External Elective | PBHS 3228 Forms of Kerala | 4 |
| 5 | Internal Elective | PBHS 3227 Basics of Thala (Theory) | 2 |
| | | Total | 16 |

**2019 അഡ്മിഷൻ മുതലുള്ള ക്രെഡിറ്റുകൾ താഴെ വിവരിക്കുന്നു.**

**SEMESTER I**

| Sl no | Course Type | Title | Credit |
|---|---|---|---|
| 1 | Core | PBHM 3220 Practical I | 4 |
| 2 | Core | PBHM 3221 General Introduction To The Indian Classical Dance Forms | 4 |
| 3 | Core | PBHM 3222 Aesthetics – A detailed View | 4 |
| 4 | Internal Elective | PBHM 3223 Bharathanatyam – In different Phase | 2 |
| 5 | Internal Elective | PBHM 3227 Basics of Thala (Theory) | 2 |
| | | Total | 16 |

**SEMESTER II**

| Sl no | Course Type | Title | Credit |
|---|---|---|---|
| 1 | Core | PBHS 3224 Practical II | 4 |
| 2 | Core | PBHS 3225 Practical III | 4 |
| 3 | Core | PBHS 3226 An outlook to the International Dances | 4 |
| 4 | External Elective | PBHS 3228 Forms of Kerala | 4 |
| | | Total | 16 |

## ഐറ്റം നം.3

പന്മന പ്രാദേശിക കേന്ദ്രത്തിൽ ആരംഭിക്കുവാനിരിക്കുന്ന ര ് സർട്ടിഫിക്കറ്റ് കോഴ്സുകൾ അംഗീകരിക്കുന്നത് – സംബന്ധിച്ച്. (നം: എസിഡി.ബി1/1690/2001)

സംസ്കൃത വേദാന്ത വിഭാഗം സമർപ്പിച്ച യോഗിക് സയൻസ്, തിയറി ആന്റ് പ്രാക്ടീസ്, സ്പോക്കൺ സാൻസ്ക്രിറ്റ് എന്നീ ര ് സർട്ടിഫിക്കറ്റ് കോഴ്സുകളുടെ സിലബസുകൾ അംഗീകരിച്ചു. സിലബസുകൾ അനുബന്ധം V ഉം VIഉം ആയി ചേർത്തിരിക്കുന്നു.

## ഐറ്റം നം.4

ഗവേഷണം റഗുലറായി തുടരാൻ അനുവദിക്കുന്നത് – സംബന്ധിച്ച്.
(നം.എസി.ഡി.എ1/732/2018/എസ്.എസ്.യു.എസ്.)

2015-ൽ സംസ്കൃത വ്യാകരണ വിഭാഗത്തിൽ ഗവേഷണം തുടർന്നശേഷം ശ്രീമതി സൗമ്യ.വി.ടി 10.08.2016-ൽ രാഷ്ട്രീയ സംസ്കൃത സംസ്ഥാനിന്റെ അനൗപചാരിക സംസ്കൃത ശിക്ഷകയായി ജോലിയിൽ പ്രവേശിച്ച് ഗവേഷണം പാർട്ട്-ടൈം ആക്കുന്നതിനുള്ള ടി ഗവേഷക അപേക്ഷിച്ചുവെങ്കിലും, 24.11.2017-ലെ 165-ാം സിൻഡിക്കേറ്റ് അപേക്ഷ നിരസിച്ചു. അതിനാൽ തുടർന്ന് ഗവേഷണം റഗുലറായിതന്നെ തുടരുന്നതിനും, ബാക്കിവരുന്ന 5 മാസകാലയളവിൽ ഹാജർ രേഖപ്പെടുത്തി പ്രബന്ധം സമർപ്പിക്കുവാൻ അപേക്ഷിച്ചുതനുസരിച്ച്, ടി ഗവേഷകയ്ക്ക് റഗുലർ വ്യവസ്ഥയിൽ ഗവേഷണം തുടരുന്നതിനും, പൂർത്തികരിക്കുന്നതിനും അനുവദിച്ചു.

**ഒപ്പ്**
**വൈസ് ചാൻസലർ**